REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-09-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭീകരവാദത്തിനെതിരെ വ്യക്തവും ഏകകണ്ഠവുമായ നിലപാടുമായി ടിയാൻജിൻ പ്രഖ്യാപനം.**
- **ഭീകരതയോട് ഇരട്ടത്താപ്പ് പുലർത്തുന്നതിനെ അംഗീകരിക്കാനാവില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കോഴിക്കോട് ജില്ലയുടെ ഔദ്യോഗിക ഓണാഘോഷം 'മാവേലിക്കസ് 2025' ന് ഇന്ന് തുടക്കമാവും.**
- **US ഓപ്പൺ ടെന്നീസിൽ നൊവാക് ജോക്കോവിച്ച് ക്വാർട്ടർ ഫൈനലിൽ.**
- **ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ വൈകിട്ട് കസാക്കിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

ഭീകരവാദത്തിനെതിരെ വ്യക്തവും ഏകകണ്ഠവുമായ നിലപാടുമായി ടിയാൻജിൻ പ്രഖ്യാപനം. ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷനിലെ രാജ്യത്തലവന്മാരുടെ കൗൺസിലാണ് പ്രഖ്യാപനത്തിന് അന്തിമ രൂപം നൽകിയത്. പ്രാദേശിക സഹകരണത്തിനും കണ്ടെത്തലുകൾക്കും ഇന്ത്യയുടെ സംഭാവന പ്രഖ്യാപനത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏപ്രിൽ 22ന് പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തെ ഷാങ്ഹായ് ഉച്ചകോടി ശക്തമായ ഭാഷയിൽ അപലപിച്ചു. ഭീകരതയ്ക്ക് ഇരയായ കുടുംബങ്ങളെ അംഗരാഷ്ട്രങ്ങൾ അനുശോചനം അറിയിച്ചു. ഭീകരാക്രമണത്തിന് ഉത്തരവാദികളായവരും പിന്നിൽ പ്രവർത്തിച്ചവരും സംഘാടകരും സഹായികളും ഉൾപ്പെടെ എല്ലാവർക്കും ആക്രമണത്തിന്റെ ബാധ്യതയുണ്ടെന്നും ഉച്ചകോടി വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്........

ഭീകരതയേയും വിഘടനവാദ ത്തെയും ഭീകരപ്രവർത്തനങ്ങളേയും നേരിടുന്നതിന് എല്ലാ പിന്തുണയും SCO അംഗരാഷ്ട്രങ്ങൾ ഉറപ്പുനൽകി. ഭീകരവാദ ഭീഷണികളെ നേരിടുന്നതിന് രാജ്യങ്ങൾക്ക് പരമാധികാരം ഉണ്ടെന്നും ഉച്ചകോടി അംഗീകരിച്ച പ്രഖ്യാപനത്തിൽ പറയുന്നു. എല്ലാ തരം ഭീകരവാദത്തേയും അപലപിക്കുന്നതായും അംഗരാജ്യങ്ങൾ വ്യക്തമാക്കി. ഒരു ഭൂമി, ഒരു കുടുംബം, ഒരേഭാവി എന്ന ഇന്ത്യയുടെ പ്രമേയത്തെ പിന്തുണയ്ക്കുന്നതാണ് SCO യുടെ പ്രഖ്യാപനം.

നേരത്തെ ഉച്ചകോടിയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്രമോദി ഭീകരതയോട് പുലർത്തുന്ന ഇരട്ടത്താപ്പ് അംഗീകരിക്കാനാവില്ലെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചിരുന്നു. മാനവികത നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ഭീകരപ്രവർത്തനമെന്നും ഏത് തരം ഭീകരതയും അപലപനീയമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

കഴിഞ്ഞ 40 വർഷത്തിലേറെയായി ഇന്ത്യ ഭീകര പ്രവർത്തനങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച രാജ്യങ്ങളെ നരേന്ദ്രമോദി നന്ദി അറിയിച്ചു.

റഷ്യൻ പ്രസിഡന്റ് വ്‌ളാഡ്മിർ പുട്ടിനുമായും ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ്ങുമായി ഉച്ചകോടിയ്ക്കിടെ പ്രധാനമന്ത്രി വിവിധ വിഷയങ്ങളിലെ കാഴ്ചപ്പാടുകൾ വിശദീകരിച്ചു. വൈകിട്ട് റഷ്യൻ പ്രസിഡന്റുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനം ഇന്നാരംഭിക്കും. മൈസൂരുവിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിന്റെ 120-ാമത് സ്ഥാപക ദിനാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താം ബിരുദദാന സമ്മേളനത്തിലും പങ്കെടുക്കും.

✪✪✪

ശബരിമലയുടെ പവിത്രത നശിപ്പിക്കാൻ നേതൃത്വം നൽകിയ ആളുകളാണ് ശബരിമലയിൽ ആഗോള സംഗമം നടത്താൻ ശ്രമിക്കുന്നതെന്ന് KPCC വർക്കിങ് പ്രസിഡന്റ് അടൂർ പ്രകാശ് ആരോപിച്ചു. പത്തനംതിട്ടയിൽ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമലയിൽ സ്ത്രീ പ്രവേശനം പാടില്ലെന്ന തന്ത്രിയുടെ നിർദേശത്തെ അവഗണിച്ച ഗവൺമെന്റ് ആണിതെന്നും അടുർ പ്രകാശ് കുറ്റപ്പെടുത്തി.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ ആകെ 12 ദിവസമാണ് സഭ ചേരുക. ആദ്യ ദിനത്തിൽ, അന്തരിച്ച മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദനും, സഭാംഗമായിരുന്ന വാഴൂർ സോമനും അനുശോചനം അർപ്പിച്ച് സഭ പിരിയും. സെപ്റ്റംബർ 20 മുതൽ 28 വരെയും ഒക്ടോബർ 1 മുതൽ 5 വരെയും സഭ ചേരില്ല.

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും, ധന വിനിയോഗ ബില്ലുമാണ് 14 -ാം സമ്മേളനത്തിലെ പ്രധാന അജണ്ടകൾ.

✪✪✪

അഫ്ഗാനിസ്ഥാനിൽ ഭൂചലനത്തിൽ ഒമ്പത് പേർ മരിച്ചു. റിക്ചർ സ്കെയിലിൽ 6.0 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഇന്നലെ അർദ്ധരാത്രിയോടെയായിരുന്നു. 15 പേർക്ക് പരിക്കേറ്റു.

✪✪✪

കോഴിക്കോട് ജില്ലയുടെ ഓണാഘോഷം 'മാവേലിക്കസ് 2025' ന് ഇന്ന് ഔദ്യോഗിക തുടക്കമാവും. വൈകീട്ട് ബീച്ചിലെ ഫ്രീഡം സ്ക്വയറിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

ഇന്ന് മുതൽ ഏഴ് വരെ ജില്ലയിലെ ഒമ്പത് വേദികളിലാണ് ഓണാഘോഷ പരിപാടികൾ. സർഗാലയിലെ പ്രവേശന ഫീസ് ഒഴികെ എല്ലാ വേദികളിലും പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

✪✪✪

വികസിത കേരളം എന്ന സ്വപ്നമാണ് വരുന്ന തിരഞ്ഞെടുപ്പിൽ BJP മുന്നോട്ടുവെക്കുന്നതെന്ന് ദേശീയ നിർവ്വാഹക സമിതി അംഗം PK. കൃഷ്ണദാസ് പറഞ്ഞു. ഇത്രയേറെ പരാജയപ്പെട്ട ഗവൺമെന്റ് കേരളത്തിൽ ഇതിന് മുമ്പ് ഉണ്ടായിട്ടില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കണ്ണൂരിൽ BJP

കോഴിക്കോട് മേഖല ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 58 മണ്ഡലങ്ങളിലെയും 6 സംഘടനാ ജില്ലകളിലെയും ഭാരവാഹികളാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്.

✪✪✪

ഓണക്കാലത്ത് മൂന്നാറിലെ കാഴ്ചകൾ ആസ്വദിക്കാൻ സഞ്ചാരികൾക്ക് അവസരമൊരുക്കി KSRTC. ഇതിനായി വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് KSRTCപുതിയ ഉല്ലാസയാത്രാ സർവ്വീസുകൾ തുടങ്ങി.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.

.........വോയ്സ്.....

കെ.എസ്.ആർ.ടി.സിയുടെ മൂന്നാർ ഡിപ്പോയിയിലെ ബജറ്റ് ടൂറിസം സെല്ലാണ് സഞ്ചാരികൾക്കായി പുതിയ സർവീസുകൾ സംഘടിപ്പിക്കുന്നത്. പ്രകൃതി മനോഹാരിത നിറഞ്ഞ കാന്തല്ലൂർ, വട്ടവട, ചതുരംഗപ്പാറ, ആനക്കുളം എന്നിവിടങ്ങളിലേക്ക് പുതിയ ട്രിപ്പുകൾ നടത്തും. ദിവസേന രാവിലെ ഒമ്പതിന് മൂന്നാർ ഡിപ്പോയിൽ നിന്ന് പുറപ്പെട്ട് വൈകിട്ട് ആറിന് തിരിച്ചെത്തും വിധമാണ് ട്രിപ്പുകളുടെ ക്രമീകരണം. ഇതിന് പുറമേ റോയൽ വ്യൂ ഡബിൾ ഡക്കർ ബസും മൂന്നാറിൽ സർവ്വീസ് നടത്തുന്നുണ്ട്. കൊച്ചി - ധനുഷ്കോടി ദേശീയ പാതയിലൂടെ പോകുന്ന ഡബിൾ ഡക്കർ ബസ് ദേവികുളം, ലോക്ക് ഹാർട്ട്, ഗ്യാപ്പ് റോഡ്, ആനയിറങ്കൽ എന്നീ സ്ഥലങ്ങളിലൂടെ കടന്ന് പോകും.

✪✪✪

ഇടുക്കി അണക്കെട്ടിൽ ഇന്നു മുതൽ നവംബർ 30 വരെ മൂന്ന് മാസത്തേക്ക് പൊതുജനങ്ങൾക്ക് സന്ദർശനാനുമതി നൽകി സംസ്ഥാന ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ടിക്കറ്റ് ഓൺലൈൻ വഴിയോ, വെബ്സൈറ്റ് വഴിയോ, ക്യൂ ആർ കോഡ് ഉപയോഗിച്ചോ ബുക്ക് ചെയ്യാം. ബഗ്ഗി കാറിൽ മാത്രമാണ് യാത്രാനുമതി.

✪✪✪

US ഓപ്പൺ പുരുഷ സിംഗിൾസ് പ്രീ ക്വാർട്ടറിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ച്, ജർമ്മനിയുടെ ജാൻ ലെന്നാഡ് സ്ട്രെഫിനെ മൂന്ന് സെറ്റുകൾക്ക് തോൽപ്പിച്ചു. ജോക്കോവിച്ചിന്റെ 64-ാം ഗ്രാന്റ്സ്ലാം ക്വാർട്ടർ ഫൈനലാണിത്. മറ്റൊരു മത്സരത്തിൽ ലോക രണ്ടാം നമ്പർ താരവും മുൻ ചാമ്പ്യനുമായ സ്പെയിനിന്റെ കാർലോസ് അൽക്കാരസ് ഫ്രഞ്ച് താരം ആർഥർ റിൻഡർക്ക് നെക്കിനെ മൂന്ന് സെറ്റുകൾക്ക് തോൽപ്പിച്ച് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

വനിതാ സിംഗിൾസിൽ നിലവിലെ ചാമ്പ്യൻ ബലാറഷ്യൻ താരം അറീന സെബലേംഗ സ്പെയിനിന്റെ ക്രിസ്റ്റീന ബുക്സയെ തോൽപ്പിച്ചു. രണ്ടാം മത്സരത്തിൽ US ഓപ്പൺ റണ്ണറപ്പായ ലോക നാലാം നമ്പർ താരം ജെസീക്ക പെഗുല അമേരിക്കയുടെ ആൻ ലിയയെ രണ്ട് സെറ്റുകൾക്ക് തോൽപ്പിച്ച് ക്വാർട്ടർ ഫൈനലിലെത്തി.

✪✪✪

ബിഹാറിലെ രാജ്ഗിറിൽ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ വൈകിട്ട് കസാക്കിസ്ഥാനെ നേരിടും. ഇന്നലെ ജപ്പാനെ തോൽപ്പിച്ച് ഇന്ത്യ തുടർച്ചയായ രണ്ട് വിജയങ്ങൾ നേടിയിരുന്നു.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് തൃശ്ശൂർ ടൈറ്റൻസ് ആലപ്പി റിപ്പിൾസിനെ നേരിടും. വൈകിട്ട് 6.45ന് കാലിക്കറ്റ്ഗ്ലോബ്സ്റ്റാർസ് , ഏരീസ് കൊല്ലത്തെയും നേരിടും.

✪✪✪

നവജാത ശിശുക്കളുടെ താപനില ക്രമീകരിക്കുന്ന റേഡിയന്റ് ബേബി വാമർ എന്ന ഉപകരണം കെൽട്രോൺ പുതുതായി വികസിപ്പിച്ചെടുത്തതായി മന്ത്രി P രാജീവ് അറിയിച്ചു. ആശുപത്രികളിലെ ബേബി IC യൂണിറ്റുകളിൽ ഉപയോഗിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഉപകരണമാണിതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. സാധരണക്കാർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഉപകരണം വികസിപ്പി ച്ചെടുത്തതെന്ന് മന്ത്രി വ്യക്തമാക്കി. ഇതുകൂടാതെ നവജാത ശിശുവിന്റെ താപനില ക്രമീകരിക്കുന്നതിന് വീടുകളിൽ കുറഞ്ഞ ചെലവിൽ ഉപയോഗിക്കാവുന്ന ഇൻഫെന്റർ വാമിംഗ് റേപ്പർ എന്ന ഉപകരണവും വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

✪✪✪

നവീകരണം പൂർത്തീയായ പാലക്കാട്, വാളയാർ ജലസേചന പദ്ധതി കനാലുകൾ എലപ്പുള്ളിയിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. 16 കോടി രൂപ ചെലവിലാണ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ കോട്ടായി ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ച കുടിവെള്ള പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ കുഴിച്ചാൽ KFB ഹാളിൽ നടത്തി. ഓണക്കിറ്റ് വിതരണം ആന്തൂർ നഗരസഭ ചെയർമാൻ P മുകുന്ദൻ ഉദ്ഘാടനം ചെയ്തു.

KFB കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ഓണക്കിറ്റ്, ഓണപ്പുടവ വിതരണം രാവിലെ കുണ്ടായിത്തോട് VTC സെന്ററിൽ നടത്തി.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശമില്ല

✪✪✪

മറുനാടൻ മലയാളി ഓൺലൈൻ എഡിറ്റർ ഷാജൻ സ്കറിയയെ വാഹനം തടഞ്ഞ് ആക്രമിച്ച അഞ്ചു പേർക്കെതിരെ പൊലീസ് വധശ്രമം അടക്കം ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുത്തു. നാല് പ്രതികളെ തിരിച്ചറിഞ്ഞു. ഇവർ DYFI പ്രവർത്തകരാണെന്ന് പൊലീസ് പറഞ്ഞു. പരിക്കേറ്റ ഷാജൻ സ്കറിയയെ പശ്ചിമ ബംഗാൾ ഗവർണർ CV ആനന്ദബോസ്, BJP നേതാവ് PC ജോർജ് എന്നിവരടക്കം നിരവധി പേർ ആശുപത്രിയിൽ സന്ദർശിച്ചു.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRTs : അനിൽ ചന്ദ്രൻ, രജിന കെ*
*DEO : സി കെ സുബോധ്*